സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007
സത്യാന്ന പ്രമദിതവ്യം
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 ഏപ്രിൽ 21 വെള്ളി
ptnizar@rediffmail.com 9037319971
www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ





**മൈലാഞ്ചി മൊഞ്ചുള്ള പെരുന്നാള്...** ആമോദത്തിന്റേയും ആഘോഷത്തിന്റേയും പെരുന്നാളിനെ വരവേൽക്കാൻ മൈലാഞ്ചിയണിഞ്ഞ് കാത്തുനിൽക്കുന്ന കുട്ടികൾ. എല്ലാ വായനക്കാർക്കും പീപ്പിൾസ് റിവ്യൂവിന്റെ ഹൃദയം നിറഞ്ഞ ഈദുൽ ഫിത്വർ ആശംസകൾ

# പൂഞ്ചിലെ ഭീകരാക്രമണം; എൻ.ഐ.എ അന്വേഷിക്കും, കശ്മീരിൽ കനത്ത ജാഗ്രത

ന്യൂഡൽഹി: പൂഞ്ചിലെ ഭീകരാക്രമണത്തിന് പിന്നാലെ കനത്ത ജാഗ്രതയിൽ ജമ്മുകശ്മീർ. ആക്രമണം നടത്തിയ ഭീകരർക്കായി സൈന്യത്തിന്റെ തിരച്ചിൽ തുടരുകയാണ്. അടുത്ത മാസം ജി 20 യുടെ ഭാഗമായുള്ള പരിപാടി ജമ്മു കശ്മീരിൽ നടക്കാനിരിക്കെയുണ്ടായ സംഭവത്തെ അതീവ ഗൗരവത്തോടെയാണ് കേന്ദ്ര സർക്കാർ കാണുന്നത്. അന്വേഷണം എൻ.ഐ.എ ഏറ്റെടുത്തു. അഞ്ച് സൈനികരാണ് ആക്രമണത്തിൽ വീരമൃത്യു വരിച്ചത്. പരുക്കേറ്റ സൈനികന്റെ നില ഗുരുതരമായി തുടരുകയാണ്. ആക്രമണത്തിന്റെ ഉത്തരവാദിത്വം ജെയ് ഷേ അനുകൂല സംഘടന ഏറ്റെടുത്തു എന്നാണ് റിപ്പോർട്ടുകൾ. ഭീകരതയ്ക്ക് എതിരേ കടുത്ത നടപടി സ്വീകരിക്കുമെന്ന് പ്രതിരോധ മന്ത്രി ട്വീറ്റ് ചെയ്തു. ഇന്നലെ തന്നെ എൻ.ഐ.എ സംഘം സ്ഥലത്ത് പരിശോധന നടത്തിയിരുന്നു.



ഗ്രനേഡ് പൊട്ടിത്തെറിച്ച് പൂഞ്ചിൽ സേനാ വാഹനം കത്തിയപ്പോൾ



# ഐസ്ക്രീം കഴിച്ച് 12കാരൻ മരിച്ചത് കൊലപാതകം; പിതൃസഹോദരി അറസ്റ്റിൽ

കൊയിലാണ്ടി: കൊയിലാണ്ടിയിൽ ഛർദ്ദിയെ തുടർന്ന് വിദ്യാർഥി മരിച്ച സംഭവം കൊലപാതകമെന്ന് പോലിസ്. അരിക്കുളം കോറോത്ത് മുഹമ്മദലിയുടെ മകൻ അഹമ്മദ് ഹസൻ റിഫായി (12) ആണ് കഴിഞ്ഞ ദിവസം മരിച്ചത്. സംഭവത്തിൽ മുഹമ്മദലിയുടെ സഹോദരി താഹിറ (38)യെ കൊയിലാണ്ടി പോലിസ് അറസ്റ്റ് ചെയ്തു. ഐസ്ക്രീമിൽ എലിവിഷം ചേർത്ത് നൽകിയതാണ് മരണ കാരണമെന്ന് തെളിഞ്ഞു. ഐസ്ക്രീം കഴിച്ച് അസ്വസ്ഥത അനുഭവപ്പെട്ടതിനെ തുടർന്ന് കുട്ടിയ തൊട്ടടുത്ത പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലും പിന്നീട് കൊയിലാണ്ടി താലൂക്ക് ആശുപത്രിയിലും പ്രവേശിപ്പിച്ചു. പിന്നീട് ഛർദ്ദി അതീവ ഗുരുതരാവസ്ഥയിലേക്ക് പോയതിനെ തുടർന്നാണ് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. പിന്നാലെ കുട്ടി മരിക്കുകയും ചെയ്തു. കുട്ടി കഴിച്ച ഐസ്ക്രീമിൽ എന്തെങ്കിലും പ്രശ്നമുണ്ടോ എന്നായിരുന്നു ആദ്യം മുതലുള്ള അന്വേഷണം. ഭക്ഷ്യവിഷബാധയെന്ന സംശയവും ഉണ്ടായിരുന്നു. കുട്ടിയുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ അമോണിയം ഫോസ്ഫറസിന്റെ അംശം കണ്ടെത്തിയിരുന്നു. ഇതേ തുടർന്നാണ് കൊയിലാണ്ടി പോലിസ് വിശദമായ അന്വേഷണം നടത്തിയത്. സംഭവത്തിൽ പോലിസ് നിരവധിപേരെ ചോദ്യം ചെയ്തിരുന്നു. തുടർന്ന് അന്വേഷണം താഹിറയിലേക്ക് എത്തുകയായിരുന്നു. മുഹമ്മദലിയുടെ ഭാര്യയെ ലക്ഷ്യം വെച്ചായിരുന്നു വിഷം ചേർത്തതെന്ന് ചോദ്യം ചെയ്യലിൽ താഹിറ സമ്മതിച്ചു.



കൊല്ലപ്പെട്ട അഹമ്മദ് ഹസൻ റിഫായി, അറസ്റ്റിലായ താഹിറ

വ്യക്തി വൈരാഗ്യത്തിന്റെ പേരിലാണ് മുഹമ്മദലിയുടെ ഭാര്യയെ കൊലപ്പെടുത്താൻ ശ്രമിച്ചതെന്ന് പ്രതി പോലിസിനോട് പറഞ്ഞു. എന്നാൽ അവർ വീട്ടിൽ ഇല്ലാതിരുന്നതിനെ തുടർന്ന് മകൻ ഇത് കഴിക്കുകയായിരുന്നു. താഹിറക്ക് മാനസിക പ്രശ്നങ്ങൾ ഉണ്ടെന്നും പോലിസ് പറഞ്ഞു. ഇരുവരും തൊട്ടടുത്ത വീടുകളിലാണ് താമസിക്കുന്നത്. അരിക്കുളത്തെ കടയിൽ നിന്നും വാങ്ങിയ ഫാമിലി പാക്ക് ഐസ്ക്രീമിലാണ് താഹിറ വിഷം ചേർത്തത്.



# അന്തിമാനുമതി ലഭിച്ചാൽ കൊച്ചി വാട്ടർ മെട്രോ പ്രധാനമന്ത്രി 25ന് കമ്മീഷൻ ചെയ്യും

കൊച്ചി: ഉദ്ഘാടനത്തിനൊരുങ്ങി നിൽക്കുന്ന കൊച്ചി വാട്ടർ മെട്രോയ്ക്ക് അന്തിമാനുമതി ലഭിച്ചാൽ പ്രധാനമന്ത്രി നരേന്ദ്രമോദി ചൊവ്വാഴ്ച ജലമെട്രോ കമ്മീഷൻ ചെയ്യും. ഹൈക്കോടതി-ബോൾഗാട്ടി-വൈപ്പിൻ റൂട്ടിലാകും ആദ്യ സർവീസ്. മെട്രോയ്ക്ക് സമാനമായ ആധുനിക സൗകര്യങ്ങളുള്ള ഒൻപത് ബോട്ടുകളാണ് യാത്രക്കാരെ കാത്തിരിക്കുന്നത്.

വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ശീതീകരിച്ച ബോട്ടിൽ 100 പേർക്ക് ഒരേ സമയം യാത്ര ചെയ്യാം. ഹൈക്കോടതി ജെട്ടിയിൽ നിന്ന് ബോൾഗാട്ടി, വൈപ്പിൻ ദ്വീപുകളെ ബന്ധിപ്പിച്ചാകും ആദ്യ സർവീസ്. വാട്ടർ മെട്രോയുടെ ഉദ്ഘാടനത്തിന് മുന്നോടിയായുള്ള ട്രയൽ റണ്ണുകൾ കൊച്ചി കായലിൽ നടത്തിയിരുന്നു.

ആദ്യഘട്ടം പൂർത്തിയാകുമ്പോൾ 38 ടെർമിനലുകളുമായി 76 കിലോ മീറ്റർ ദൂരത്തിൽ കൊച്ചിയെ വാട്ടർ മെട്രോ ബന്ധിപ്പിക്കും. വാട്ടർ മെട്രോ പ്രവർത്തന സജ്ജമായിട്ട് ഒരു വർഷത്തോളമായി. പാരിസ്ഥിതിക അനുമതി വൈകുന്നതാണ് ഉദ്ഘാടനം നീളുന്നതിന് പിന്നിലെ കാരണം. പ്രധാനമന്ത്രി നേരിട്ടെത്തുന്ന സാഹചര്യത്തിൽ ഈ കടമ്പ മറികടക്കാനാകുമെന്ന പ്രതീക്ഷയിലാണ് അധികൃതർ. ജർമൻ വികസന ബാങ്കിൽ നിന്ന് വായ്പയെടുത്തുള്ള പദ്ധതിക്ക് ചെലവ് 747 കോടി രൂപയാണ്. ജല മെട്രോയിൽ സംസ്ഥാന സർക്കാരിന് 74 ശതമാനവും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് 26 ശതമാനവുമാണ് ഓഹരി പങ്കാളിത്തം.

# മമ്മൂട്ടിയുടെ മാതാവ് ഫാത്തിമ ഇസ്മായിൽ അന്തരിച്ചു



കൊച്ചി: ചലച്ചിത്ര താരം മമ്മൂട്ടിയുടെ മാതാവ് ഫാത്തിമ ഇസ്മായിൽ ( 93 ) അന്തരിച്ചു. കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ഇന്ന് പുലർച്ചെയായിരുന്നു അന്ത്യം. അരി, തുണി എന്നിവയുടെ മൊത്തകച്ചവടക്കാരനും കൃഷിക്കാരനുമായിരുന്ന പരേതനായ പനപ്പറമ്പിൽ ഇസ്മായിൽ ആണ് ഭർത്താവ് .

ആലപ്പുഴ ജില്ലയിലെ എരമല്ലൂരിനടുത്തുള്ള ചന്തിരൂരാണ് ഫാത്തിമയുടെ ജനനം. മമ്മൂട്ടി മൂത്ത മകനാണ്. ചലച്ചിത്ര-സീരിയൽ നടൻ ഇബ്രാഹിംകുട്ടി, ചലച്ചിത്ര നിർമാതാവ് സക്കറിയ, ആമിന, സൗദ, ഷഫീന എന്നിവരാണ് മറ്റ് മക്കൾ.

ചലച്ചിത്ര അഭിനയ രംഗത്ത് സജീവമായ ദുൽഖർ സൽമാൻ, മക്ബൂൽ സൽമാൻ , അഷ്ക്കർ സൗദാൻ എന്നിവർ കൊച്ചുമക്കളാണ്. ഖബറടക്കം ഇന്ന് വൈകിട്ട് കോട്ടയം ജില്ലയിലെ വൈക്കത്തിനടുത്തുള്ള ചെമ്പ് മുസ്ലീം ജമാഅത്ത് പള്ളിയിൽ വച്ച് നടക്കും.

## പാക്ക് വിദേശകാര്യമന്ത്രി ഇന്ത്യൻ മണ്ണിലെത്തുമ്പോൾ

ഇന്ത്യയും പാക്കിസ്ഥാനും അയൽരാജ്യങ്ങൾ മാത്രമല്ല, ഒരുകാലത്ത് ഒന്നായി കിടന്നിരുന്ന പ്രദേശങ്ങൾ കൂടിയാണ്. ഇന്ന് ഇന്ത്യയിൽ ജീവിച്ചിരിക്കുന്ന പലരുടേയും പാക്കിസ്ഥാനിൽ ജീവിച്ചിരിക്കുന്ന പലരുടേയും പൂർവികർ ഇരു രാജ്യങ്ങളിലും വസിച്ചവരായിരുന്നു. അതുകൊണ്ട് തന്നെ ഒരിക്കലും മുറിച്ചുമാറ്റാമൻ പറ്റുന്ന ഒന്നല്ല ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള ബന്ധം. അതുപോലെ തന്നെയാണ് ബംഗ്ലാദേശുമായി ഇന്ത്യക്കുള്ള ബന്ധം. നമ്മുടെ രാജ്യം ഏക്കാലവും സമാധാനത്തിന് വേണ്ടി നിലക്കൊണ്ട രാജ്യമാണ്. എന്നാൽ പാക്കിസ്ഥാനിൽ പ്രവർത്തിക്കുന്ന ഭികര പ്രസ്ഥാനങ്ങൾ ഇന്ത്യൻ അതിർത്തി കടന്നുവന്ന് ചോരപ്പുഴയൊഴുക്കാൻ നിരന്തരം ശ്രമിക്കുകയാണ്.

നമ്മുടെ രാജ്യത്തിന്റെ അതിർത്തി കാക്കുന്ന നിരവധി ധീരയോദ്ധാക്കളുടെ ജീവനുകൾ അപകടത്തിലാക്കുവാൻ ഈ ഭീകരർക്ക് സാധിച്ചിട്ടുണ്ട്. സ്വന്തം ജീവൻ പണയം വച്ചാണ് നമ്മുടെ സൈനികർ ഇവിടെ രാജ്യം കാക്കുന്നത്. പാക്കിസ്ഥാനിൽ പ്രവർത്തിക്കുന്ന ഭീകരസംഘടനകൾ ആ രാജ്യത്തിന് തന്നെ ഭീഷണിയായി മാറുകയും അവിടെ മനുഷ്യക്കുരുതി നടത്തുകയും ചെയ്യുന്ന വാർത്തകൾ പുറത്തുവരുന്നുണ്ട്. ഇന്നലെയാണ് ജമ്മുവിലെ പൂഞ്ചിൽ സേനാവ്യൂഹത്തെ ആക്രമിച്ച് അഞ്ച് സൈനികരുടെ ജീവൻ ഭീകരർ കവർന്നത്. സൈന്യം ശക്തമായി തിരച്ചിൽ നടത്തികൊണ്ടിരിക്കുന്ന വാർത്തകളാണ് പുറത്ത് വരുന്നത്. ഈ സംഘർഷങ്ങളെല്ലാം അതിർത്തിയിൽ നിലനിൽക്കുമ്പോഴാണ് 2014ന് ശേഷം പാക് വിദേശകാര്യ മന്ത്രി ബിലാവൽ ഭൂട്ടോ സർദാരി അടുത്തമാസം ഇന്ത്യ സന്ദർശിക്കുന്നത്. 2011ൽ പാക് വിദേശകാര്യമന്ത്രി ഹിറ റബ്ബാനിഖർ ഇന്ത്യ സന്ദർശിച്ചിരുന്നു. 2014 മേയിൽ പ്രധാനമന്ത്രിയായിരുന്ന നവാസ് ഷെരീഫ്, പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സത്യപ്രതിജ്ഞാ ചടങ്ങിന് ഡൽഹിയിലെത്തി.

2015ൽ നമ്മുടെ വിദേശകാര്യ മന്ത്രിയായിരുന്ന സുഷമ സ്വരാജ് പാക്കിസ്ഥാൻ സന്ദർശിച്ചു. തുടർന്ന് പ്രധാനമന്ത്രികി നരേന്ദ്രമോദിയും പാക്കിസ്ഥാനിൽ സന്ദർശനം നടത്തി. 2019 ഫെബ്രുവരിയിലെ പുൽവാമ ഭീകരാക്രമണവും അതിന് മറുപടിയായി പാക്കിസ്ഥാനിലെ ബാലാകോട്ടിൽ ഇന്ത്യ, ഭീകരർക്ക് നേരെ നടത്തിയ മിന്നലാക്രമണത്തിന് ശേഷം ഇരു രാജ്യങ്ങളും തമ്മിൽ ബന്ധം വഷളാവുകയായിരുന്നു. ബിലാവൽ ഭൂട്ടോ സർദാരി അടുത്തമാസം ഇന്ത്യയിൽ നടക്കുന്ന ഷാങ്ഹായ് സഹകരണസംഘം (എസ്.സി.ഒ) സമ്മേളനത്തിലാണ് പങ്കെടുക്കുന്നത്. ഇത് ഇന്ത്യാ-പാക് ബന്ധം ഊഷ്മളമാകാൻ വഴിയൊരുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇന്ത്യ, പാക്കിസ്ഥാൻ, റഷ്യ, ചൈന, കിർഗിസ് റിപ്പബ്ലിക്, കസാഖ്സ്ഥാൻ, താജികിസ്ഥാൻ, ഉസ്ബക്കിസ്ഥാൻ എന്നീ രാജ്യങ്ങളുടെ സംഘടനയാണ് എസ്.സി.ഒ.

പാക്ക് വിദേശകാര്യമന്ത്രി ഇന്ത്യൻ മണ്ണിലെത്തുമ്പോൾ നമ്മുടെ വിദേശകാര്യ വിഭാഗവുമായി ചർച്ചകൾ നടക്കട്ടേയെന്നും ഇരു രാജ്യങ്ങൾക്കും ഗുണപരമായ കരാറുകൾ ഉണ്ടാകട്ടേയെന്നും പാക്ക് മണ്ണിൽനിന്നും ഇന്ത്യയിലേക്കുള്ള ഭീകരപ്രവർത്തനങ്ങൾക്ക് തടയിടാനുള്ള നടപടികളുണ്ടാകുമെന്നും നമുക്ക് പ്രതീക്ഷിക്കാം. സാമ്പത്തിക പ്രതിസന്ധിയിൽ പെട്ടുഴലുന്ന പാക്കിസ്ഥാന് സഹായഹസ്തവുമായി ഇന്ത്യ മുന്നിട്ടിറങ്ങിയിട്ടുണ്ട്. ഭീകരവാദം അവസാനിപ്പിക്കാതെ ഒരു രാജ്യത്തിനും മുന്നോട്ട് പോകാനാവില്ല. ഭീകരവാദം തടയാനുള്ള കർമപദ്ധതികൾ പൊട്ടിവിടരട്ടെ എന്നാശംസിക്കാം.








# പെരുന്നാളോർമ്മകൾ





ടെലിസ്കോപ്പ് വഴി കുവൈറ്റിൽ മാസപ്പിറവി ദർശിക്കുന്നു



അറബികളുടെ പഴയ വീടുകൾ

**ഹസ്സൻ തിക്കോടി**

ആധുനിക സാങ്കേതികവിദ്യയും ആർട്ടിഫിഷ്യൽ ഇന്റലിജൻസും അതിന്റെ പാരമ്യതയിലെത്തിയിട്ടും കേരളത്തിൽ പെരുന്നാളാഘോഷിക്കാൻ "ചന്ദ്രക്കല" നഗ്ന നേത്രങ്ങൾ കൊണ്ടുതന്നെ കാണണമെന്ന പൗരോഹിത്യ വാശിയെ ഇല്ലായ്മചെയ്യാൻ മുസ്ലിം സമുദായത്തിനായിട്ടില്ലെന്ന ദുഃഖകരമായ അവസ്ഥ ഇന്നും തുടരുന്നു. ടെലെസ്കോപ്പും അത്യാധുനിക വാന നിരീക്ഷണ ഉപകരണങ്ങളും ഗോളശാസ്ത്ര ഗണനങ്ങളും നമ്മുടെ മുമ്പിൽ എത്ര വളർന്നു വലുതായാലും കേരളത്തിലെ വിവിധ മുസ്ലിം സംഘടനകൾക്കിടയിലുള്ള പൊരുത്തമില്ലായ്മ സാമൂഹ്യമായ ഐക്യത്തിന് വിഘാദം സൃഷ്ടിക്കുന്നു.

ലോകമുസ്ലിംകൾ ഈദ്-ഉൽഫിതർ ആഘോഷിക്കുകയാണ്. ഒരുമാസക്കാലത്തെ തീവ്ര വ്രതത്തിന് അന്ത്യം കുറിക്കുന്ന ദിവസം. ചെറിയ പെരുന്നാൾ എന്നാണ് കുട്ടിക്കാലത്ത് ഉമ്മ പറഞ്ഞുതന്നിരുന്നത്. എന്തുകൊണ്ട് മുസ്ലിംകളിലെ രണ്ട് പെരുന്നാൾ ആഘോഷങ്ങളെ ചെറിയ പെരുന്നാളും വലിയ പെരുന്നാളും എന്ന് വിളിക്കപ്പെടുന്നെന്ന് കുട്ടിക്കാലം മുതലേ ഞാൻ ചിന്തിച്ചിരുന്നു. ഇന്നത്തെ തലമുറയിലെ കുട്ടികളോടും പഴമക്കാർ അതുതന്നെയാണ് പറയുന്നത്.

മാനത്തെവിടെയോ ചന്ദ്രക്കല ദർശിക്കുന്നതോടെ പെരുന്നാളിന്റെ ഒരുക്കങ്ങളിലേക്ക്, ആഹ്ലാദത്തിമിർപ്പുകളിലേക്ക് മുസ്ലിം സമൂഹം ഒന്നടങ്കം കടന്നുവരുന്നു. ജൈവികമായ താളബോധത്തിന്റെ സ്വരസാധകത്തേക്കാളുപരി മതബോധത്തിലൂന്നിയ അനുഷ്ഠാനങ്ങളുടെ ഭാഗമായാണ് "ഈദ്" ആഘോഷിക്കപ്പെടുന്നത്. പുത്തനുടുപ്പിന്റെയും അത്തറിന്റെയും സമ്മിശ്രഗന്ധത്തിൽ ഈദാശംസകൾ ഉരുവിടുന്നു. "ഈദ് മുബാറക്"

### മൈലാഞ്ചിയും പുത്തനുടുപ്പും:

കുട്ടിക്കാലത്ത് പുതിയ "കുപ്പായ"മിടാനും, കരയുള്ള തുണിയുടുക്കാനും തലയിൽ ഉറുമാൽ കെട്ടിക്കൊണ്ടു കാലത്തുതന്നെ പള്ളിയിൽ പോവാനും തിടുക്കമായിരുന്നു. അന്നൊക്കെ രാവേറുംവരെ തയ്യൽക്കാരൻ രാഘവന്റെ കടയിൽ തിരക്കായിരിക്കും. മാസം കാണുന്നതോടെ അയാൾ പിറുപിറുക്കും "മാസം ഇന്ന് കാണേണ്ടായിരുന്നു....ഇത്തവണ നോമ്പ് ഇരുപത്തൊമ്പതല്ലേ കിട്ടുള്ളൂ...." രാഘവൻ കാപ്പാട്ടെ കടപ്പുറത്തേക്ക് കണ്ണുംനട്ടിരുന്നുകൊണ്ടു ആരോടെന്നില്ലാതെ നേരം പുലരുവോളം പറയും. അക്കാലത്ത് ഞങ്ങളുടെ ഗ്രാമത്തിൽ റെഡിമെയ്ഡ് വസ്ത്രങ്ങൾ വിൽക്കുന്ന കടകൾ വളരെ കുറവായിരുന്നു. രണ്ട് ബസ്സ് കയറി കോഴിക്കോട്ടെ മിഠായിത്തെരുവിൽ പോയാലേ നല്ല ഉടുപ്പുകൾ കിട്ടൂ. അതുകൊണ്ടുതന്നെ രാഘവേട്ടനെ ആശ്രയിക്കുന്നവരുടെ എണ്ണം ഞങ്ങളുടെ ഗ്രാമത്തിൽ കൂടിവന്നു.

കൈകാലുകളിൽ മൈലാഞ്ചി ഇടലാണ് പെരുന്നാൾ രാവിൽ കുട്ടികൾക്ക് ഏറെ ഹരം. കൊയിലാണ്ടിയിലെ കടപ്പുറത്തുനിന്നും മണൽവാരി വലിയ തറവാടിന്റെ വിശാലമായ മുറ്റത്ത് കളമൊരുക്കാൻ എല്ലാവരും പരസ്പരം സഹായിക്കും. ചന്ദ്രക്കല ദൃശ്യമായ അറിയിപ്പ് കിട്ടുന്നതോടെ കുട്ടികൾ ദഫ്ഫുമുട്ടി നാടാകെ പാഞ്ഞു നടക്കും. കാന്തവിളക്കിന്റെ വെളിച്ചത്തിൽ അവർ മൈലാഞ്ചിപാട്ടുപാടി വളയണിഞ്ഞ കൈകളിൽ പരസ്പരം മൈലാഞ്ചികൊണ്ട് ചിത്രങ്ങൾ വരക്കും. മനോഹരമായ മൈലാഞ്ചി ഡിസൈനുകൾ കൊണ്ട് കുട്ടികൾ മാത്രമല്ല സ്ത്രീകളും പ്രായംകൂടിയ വലിയ ഉമ്മമാർവരെ കൈകാലുകൾ അലങ്കരിക്കുന്നു. അങ്ങനെ അതൊരു മൈലാഞ്ചി രാവായിത്തീരും.

### ആഹ്ലാദത്തിമിർപ്പുകൾ:

പള്ളിയിലെ രണ്ട് "റകഅത്ത്" നിസ്കാരം കഴിഞ്ഞാൽ വലിയവർ തമ്മിൽ കെട്ടിപ്പിടിച്ച് "ഈദ് മുബാറക്" എന്നുരുവിട്ടുകൊണ്ടു ആശ്ലേഷിക്കൽ തുടരും. വലിയത്തെപള്ളിയിൽ തലപ്പാവണിഞ്ഞ തങ്ങൾ കുട്ടികളാണധികവും. വെളുത്തമുണ്ടും വെള്ളകുപ്പായവും പിറകിൽ ചെറിയ വാലുള്ള വെളുത്ത തലപ്പാവുമായിരിക്കും അവരുടെ പാരമ്പര്യ വേഷം. വലിയ തങ്ങന്മാർ കുട്ടികളെ വല്ലാതെ ഉമ്മ വെച്ചുകൊണ്ടായിരിക്കും ആശ്ലേഷിക്കുക. മടുപ്പിക്കുന്ന ആ ഇത്തിരിനേരം കഴിഞ്ഞാൽ പാഞ്ഞെത്തുക ഉമ്മയുടെ അടുത്തേക്കാണ്. പുലർച്ചെക്കെഴുന്നേറ്റ് ഉമ്മ ഒരുക്കിവെച്ച ചക്കരപ്പായാസം കഴിക്കാനുള്ള തിടുക്കത്തോടെയുള്ള ഓട്ടത്തിന് വേഗത ഏറെയായിരുന്നു.

അപ്പോഴും ഉമ്മ പുതിയ ഉടുപ്പൊന്നും ഇട്ടിട്ടുണ്ടാവില്ല. അറബിയുടെ നാട്ടിൽ നിന്നും ബാപ്പ ഒന്നും കൊടുത്തയച്ചിരുന്നില്ലെന്ന യാഥാർത്ഥ്യം കുട്ടിയായ എനിക്ക് പിടിത്തം കിട്ടിയിരുന്നില്ല. ദരിദ്രജീവിതത്തിന്റെ പൊൻപുലരി സ്വപ്നങ്ങളെ കറുപ്പണിയിച്ചകഥ പക്ഷെ, ഉമ്മ ആരോടും പങ്കുവെച്ചിരുന്നില്ല. ഞാനും ബാപ്പയുടെ പിൻഗാമിയായി കുവൈറ്റിൽ എത്തിയതോടെ എന്നെ കാത്തിരിക്കുകയും സ്വപ്നം കാണുകയും ചെയ്ത ഉമ്മാക്ക് നല്ലൊരുടുപ്പെത്തിക്കാനോ, പെരുന്നാളിന് പുതുവസ്ത്രമണിഞ്ഞത് കണ്ടാസ്വദിക്കാനോ വിധി അനുവദിച്ചിരുന്നില്ല.

അയൽവീടുകളിലെ അടുക്കളയിൽ നിന്നും ശേഖരിച്ച "കൈമ" അരികൊണ്ട് ബിരിയാണിയുണ്ടാക്കി പെരുന്നാളിനെ തൃപ്തിപ്പെടുത്തുക ഉമ്മയുടെ സ്വകാര്യ വേദനയായിമാറിയതൊന്നും കുട്ടിക്കാലത്തെ ചപലതകളിൽ ഞാനറിഞ്ഞില്ല. കിട്ടാത്ത പെരുന്നാൾ പൈസ ഭാവനയുടെ പൊൻചരടിൽ ബന്ധിച്ച് സ്വന്തമാക്കിയ എത്രയെത്ര കുട്ടിക്കാലം കടന്നുപോയിട്ടുണ്ട്.

### കളിപ്പാട്ടങ്ങളില്ലാത്ത പെരുന്നാൾ:

ബാംഗ്ലൂരിൽ ജോലി ചെയ്തിരുന്ന ഇബ്രാഹിം കാരണവർ അവരുടെ കുട്ടികൾക്കായി കളിപ്പാട്ടങ്ങളുമായി തലേ ദിവസം വന്നുചേരുന്നതോടെ തറവാടിന്റെ മറ്റേ അറ്റത്തു ഒച്ചയും ബഹളവും കൂടിവരും. അവരോടൊപ്പം കൂട്ടുകൂടാനുള്ള ആഗ്രഹം കാരണവരുടെ കണ്ണുരുട്ടിയുള്ള ഒറ്റ നോട്ടത്തിൽ കത്തിയെരിയുമായിരുന്നു. പിന്നെ ഉമ്മയുടെ ദയനീയമായ ശാസനയും. "മോന് കളിപ്പാട്ടമൊക്കെ ഉപ്പ വരുമ്പോൾ കൊണ്ടുവരും" വശ്യമായ കൈകൾകൊണ്ട് തലയിൽ തലോടി ഉമ്മ എന്നെ അവരിൽനിന്നും അകറ്റി അകത്തേക്ക് കൊണ്ടുപോയി ഉമ്മയുടെ മടിയിലിരുത്തി ഇരുകവിളുകളിലും തുരുതുരാ ഉമ്മ വെക്കും. അപ്പോൾ ഉമ്മയുടെ കണ്ണിൽ നിന്നും ധാരധാരയായി കണ്ണുനീർ പൊഴിയുമായിരുന്നു.

പ്രായഭേദമില്ലാതെ കളിച്ചുതിമിർക്കുന്നവരുടെ കൂട്ടത്തിൽ എനിക്കൊരിടം കിട്ടാത്ത വിഷമം ഉമ്മക്കുണ്ടായിരിക്കാം. ഓർമ്മയുടെ നാട്ടിടവഴിയിൽ ഇപ്പോഴുമകലാതെ നിൽക്കുന്ന ബാപ്പയുടെ തറവാട് വീട്. ജിന്നുകൾ താമസിച്ചിരുന്ന ആ തറവാടിന്റെ മോന്തായത്തിൽ ഒരിക്കലെങ്കിലും ഊളിയിട്ടെത്താൻ ഞാനാഗ്രഹിച്ചിരുന്നു. കെട്ടുകഥകളെയും ആരാൻ പറഞ്ഞ മിത്തുകളുടേയും കെട്ടഴിക്കാൻ. ഇന്ന് സ്വന്തം പേരക്കുട്ടികളോട് പഴമയുടെ എന്റെ കുട്ടിക്കാലം പങ്കുവെക്കുമ്പോൾ അവർ ചോദിക്കുന്നു: "വാട്ടീസ് ജിന്ന്?...ഈസ് ഇറ്റ് എ റിയൽ ഗോസ്റ്റ്". ഉത്തരം മുട്ടിക്കുന്ന അവരുടെ ചോദ്യങ്ങൾക്കുമുമ്പിൽ ഞാനറിയാതെ മൗനിയാവുന്നു. അവരുടെ ആർട്ടിഫിഷൽ ഇന്റലിജൻസിന്റെ ലോകത്തിൽ മുട്ടുമടക്കാതെ നിവർത്തിയല്ലല്ലോ.

### കുവൈറ്റിലെ ആദ്യ പെരുന്നാൾ:

കുവൈറ്റിലെ ആദ്യപെരുന്നാൾ മറ്റൊരോർമ്മയാണ്. ഫഹാഹീലിലെ തെക്കേ മൈതാനിയിൽ പഴമയുടെ ഭേരി പേറുന്ന അറബിയുടെ ഒരു കൊച്ചു വാടക വീട്ടിലായിരുന്നു അന്ന് താമസം. പഴയകാലത്ത് അറബികൾ താമസിച്ചിരുന്ന "ഹട്ട്" മൺകട്ടകൾ കൊണ്ടുണ്ടാക്കിയതായിരുന്നു. എല്ലാ വീടുകൾക്കും ഒരു തുറന്ന കോട്ടയാടുണ്ടായിരിക്കും. ചൂടുകാലത്തെ രാത്രികളിൽ മാനം നോക്കി കിടക്കാനായിരുന്നു അത്തരം വീടുകൾ നിർമിച്ചതെന്ന് അറബിൾ പറയും. എന്റെ എളേപ്പയും എളേമ്മയും അവിടെയാണ് താമസിച്ചിരുന്നത്. അവരോടൊപ്പം കഴിയവേ നാട്ടിൽ നിന്നെത്തിയ എന്റെ ആദ്യ പെരുന്നാളിന് രാവിലെ എളേപ്പ എന്നെയുംകൂട്ടി എളേപ്പ ജോലിചെയ്യുന്ന മിനിസ്ട്രിയിലെ ബോസ്സായ അറബിയുടെ വീട്ടിലേക്കു കൊണ്ടുപോയി. അറബികളെ നേരിൽകണ്ട് ഈദ് മുബാറക് പറയുക അവരുടെ ആചാരത്തിന്റെ ഭാഗമായിരുന്നു. തലേ ദിവസം വാങ്ങിവെച്ച "അൽ-സബാ" ബേക്കറിയിലെ രണ്ടുകിലോ ഈദ് കേക്ക് ഗിഫ്റ്റായി കൊണ്ടുപോയിരുന്നു.

### ദിവാനിയും ദിനാറുകളും:

അറബികളുടെ വീടിന്റെ മുൻവശത്തെ പ്രത്യേകമായി കെട്ടിയുണ്ടാക്കിയ "ദിവാനി" കളിലാണ് അവർ ഇരിക്കുക. സ്ത്രീകൾ അകത്തെ മുറിയിലെ മറ്റൊരു ദിവാനിയിലും. ആണും പെണ്ണും പരസ്പരം കാണില്ലായിരുന്നു.ചുറ്റുമിരിക്കുന്ന അറബികളെ ഓരോരുത്തരെയും അടുത്തുചെന്നു കെട്ടിപ്പിടിച്ചുമ്മവെക്കണം, അവർ എണീറ്റ് നിന്ന് വന്നവരെ അഭിവാദ്യം ചെയ്യും, "ഈദ് മുബാറക്" ആശംസകൾ നേരുമ്പോൾത്തന്നെ നമ്മുടെ സുഖവിവരങ്ങൾ തിരക്കും. നിമിഷങ്ങൾ നീണ്ടുനിൽക്കുന്ന ആശ്ലേഷങ്ങളും അഭിവാദ്യങ്ങളും കഴിയുമ്പോഴേക്കും നേരം ഏറെവൈകും. വരുന്നവരോടെല്ലാം ഇതാവർത്തിക്കും. എന്തൊരു സൗമ്യമായ ആചാരം. സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും പരമമായ പെരുമാറ്റങ്ങൾ. ഇസ്തിക്കാൻ ചായയും ഗഹ്വവും ഈത്തപ്പഴവും ധാരാളം ഇടവിടാതെ കഴിച്ചുകൊണ്ടിരിക്കണം. സമയം ഏറെ കഴിഞ്ഞപ്പോൾ എളേപ്പ എന്നെയുംകൂട്ടി യാത്ര പറഞ്ഞു. അപ്പോൾ അറബികൾ ഓരോരുത്തരായി എന്നെ അടുത്തേക്ക് വിളിച്ചു. അവരുടെ നീണ്ട "ളോഹ"യുടെ വലിയ കീശയിൽ കൈയ്യിട്ടു "ദിനാറുകൾ"വാരിയെടുത്ത് സമ്മാനമായി തന്നു.

എളേപ്പ കൂസലില്ലാതെ എന്നെയും കൂട്ടി അകത്തെ ദിവാനിയിലേക്കു കൊണ്ടുപോയി. അവിടെ പ്രായം കൂടിയ ഒരു ഉമ്മുമ്മ അടക്കം കുറെ ചെറുപ്പക്കാരിപ്പെണ്ണുങ്ങൾ ഇരിക്കുന്നുണ്ടായിരുന്നു. കൈകൊടുക്കലും ചുംബിക്കലും ഇല്ല. ഈദ് മുബാറക് ആശംസകൾ നേർന്നു. ഇത്തിരിനേരം വിശേഷങ്ങൾ ചോദിച്ചറിഞ്ഞു. എളേപ്പ നന്നായി അറബി പറയുമായിരുന്നു. ഞാൻ അന്തംവിട്ടുനിൽക്കേ വയസ്സായ ഉമ്മാമ എന്നെ "വാ മോനെ അസ്സാ" എന്ന് മലയാളത്തിൽ വിളിച്ചു. ഞാൻ ചുറ്റും നോക്കി. ഇവിടെ ആരാ മലയാളം പറയുന്നതെന്നറിയാൻ.

അവിടെ മലയാളിയായി ഞാനും എളേപ്പയും മാത്രം. അവർ വീണ്ടും ...."ഞ്ചി ഇവിടെ വാ...'. തനി കോഴിക്കോടൻ മലയാളം....എളേപ്പ ആംഗ്യത്തിൽ എന്നോടടുത്തുചെല്ലാൻ പറഞ്ഞു. അവർ സ്നേഹത്തോടെ എന്നെ അടുത്തിരുത്തി കൊണ്ടു പറഞ്ഞു. "മോൻ പേടിക്കണ്ട... ഞാൻ കോഴിക്കോട്ടുകാരിയാ...എന്നെ ഇവിടത്തെ വലിയ അറബി പത്തറുപതു കൊല്ലം മുമ്പ് കെട്ടികൊണ്ടുവന്നതാ....പിന്നെ ഞാൻ നാട്ടിലക്ക് പോയിട്ടില്ല....ഇവരൊക്കെ എന്റെ മക്കളും പേരക്കുട്ടികളുമാ.....പെരുത്ത് സന്തോഷം...." അവർ ബുർക്കയുടെ കീശയിൽനിന്നും ഒരുപിടി ദിനാർ എന്റെ കൈയിൽ തന്നു. അവർ എന്റെ നെറ്റിയിൽ ചുംബിച്ചു. പിന്നെ അവർക്കു ചുറ്റുമിരുന്നു പേരക്കിടാങ്ങളും എന്നെ അടുത്തേക്ക് വിളിച്ചുകൊണ്ട് അവരുടെ വിഹിതവും തന്നു. ദിനാറുകളുടെ വലിയകെട്ട് എന്റെ പാന്സിന്റെ കീശയിൽ ഒരു കുന്നുപോലെ ഉയർന്നു.

ഉന്മാദിനിയായ നാട്ടുപെണ്ണുങ്ങളെപോലെയായിരുന്നു അവർ. വന്യമായ സൗന്ദര്യത്തോടെ, മാന്യമായ ഉടയാടകളോടെ അവർ പെരുന്നാളിനെ ആഘോഷിക്കുകയാണ്. എണ്ണമയമുള്ള ദിനാറുകളുടെ ലോകത്ത് ജീവിതത്തിന്റെ ഒഴുക്കിനെതിരെ തുഴയെറിയാൻ അഹങ്കാരലേശമേശാതെ അവർ പ്രാപ്തരായിരിക്കുന്നു. പ്രണവ സോപാനമണ്ഡപത്തിൽ നൃത്തംവയ്ക്കുന്ന ഋതുകന്യകമാരെപോലെ.

Government of Kerala — Co-operative Department
GOVT. OF KERALA CO-OPERATIVE
EXPO



ഏപ്രിൽ 22-30
മറൈൻ ഡ്രൈവ്,
കൊച്ചി
2023
ഒരുമയുടെ പൂരം (രണ്ടാം പതിപ്പ്)

ഉദ്ഘാടനം
2023 ഏപ്രിൽ 22,
വൈകുന്നേരം: 5.30
**പിണറായി വിജയൻ**
മുഖ്യമന്ത്രി

അദ്ധ്യക്ഷൻ :
**വി.എൻ. വാസവൻ**
സഹകരണ, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി

**പി.രാജീവ്** — നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി
**റോഷി അഗസ്റ്റിൻ** — ജലവിഭവ വകുപ്പ് മന്ത്രി
**വി.ഡി. സതീശൻ** — പ്രതിപക്ഷ നേതാവ്

എം.പിമാർ, എം.എൽ.എമാർ, മറ്റു ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും

300+ സ്റ്റാളുകൾ
400+ സഹകരണ ഉൽപ്പന്നങ്ങൾ
70K Sqft ശീതീകരിച്ച പവലിയൻ

- സെമിനാറുകൾ
- സാംസ്കാരിക സമ്മേളനം
- ബിസിനസ്സ് മീറ്റുകൾ
- പ്രോഡക്ട് ലോഞ്ചിംഗ്
- പുസ്തക പ്രകാശനം
- ഫുഡ് കോർട്ടുകൾ
- പ്രശസ്ത കലാകാരന്മാർ പങ്കെടുക്കുന്ന കൾചറൽ പ്രോഗ്രാം

പ്രവേശനം സൗജന്യം 9.30 am - 8.30 pm

എന്റെ കേരളം എന്റെ അഭിമാനം | STAY SAFE ONLINE | G20 भारत 2023 INDIA

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് കേരള സർക്കാർ
Connect with CM | fb.me/cmokerala | twitter.com/cmokerala
PRD Live Mobile App | /keralainformation | PRD Media Handbook App
gitZEST

# പെരുന്നാളും പെങ്ങളും ഓർമ്മകളിൽ..



ഒഞ്ചിയം ഉസ്മാൻ ഒരിയാന

ന്യൂ കേരള ഹോട്ടലിൽ മേശപ്പുറത്തുള്ള റേഡിയോ ആണ് ഇന്നത്തെ ഹീറോ.

ഒരു മാസം ഞങ്ങളുടെ ഒപ്പമുണ്ടായിരുന്ന പരിശുദ്ധമായ നോമ്പ് ഒരു വാതിലിലൂടെ പുറത്തേക്കിറങ്ങുമ്പോൾ മറു വാതിലിലൂടെ പെരുന്നാൾ പിറ പടികയറി വന്നുകൊണ്ടിരിക്കുന്നു. ആകാശത്തിന്റെ ചെരുവിൽ പൊന്നമ്പിളി എവിടെയോ ഒരു തേങ്ങാപ്പൂൾ ചിരി ഒളിപ്പിച്ച് വെച്ചിട്ടുണ്ടാവണം. മുഖ പടം നീക്കി ഭൂമിയിലേക്ക് ഒരു നിമിഷം കണ്ണെറിഞ്ഞ് തിങ്കൾ കല കണ്ണടക്കുകയും ചെയ്യും.

എല്ലാവരുടെയും ചുണ്ടിൽ ഒരേ ഒരു ചോദ്യം.

മാസം കണ്ടോ ?

ഗോപാലേട്ടന്റെ തുന്നൽ മെഷീനിൽ ചക്രം വിശ്രമം ഇല്ലാതെ കറങ്ങുന്നു.

ഗോപാലേട്ടാ റെഡിയായോ ?

ഒരു പത്ത് മിനിറ്റ്. ബട്ടൺസ് വെക്കാനുള്ള പണിയേ ബാക്കിയുള്ളൂ.

ഗോപാലേട്ടാ പാവാട അടിച്ചൊ ?

ഒരഞ്ച് മിനിറ്റ്. പാവാടക്ക് വള്ളി ഇടണം.

ഇന്നാട്ടില് വേറെ ടൈലർമാരില്ലേ തുന്നാൻ ?

ഗോപാലേട്ടാ ഒന്ന് വേഗം. പെരുന്നാളായി.

ഗോപാലേട്ടൻ കഴുത്ത് ചെരിച്ച് മാനം നോക്കി. സൂചനകൊണ്ട് ഇന്ന് കാണുന്ന മട്ടില്ല.
വാവ് കഴിഞ്ഞോ .?

ഗോപാലേട്ടാ പത്ത് മിനിറ്റ് പറഞ്ഞിട്ട് പത്ത് മണിക്കൂറായി.

എത്ര ക്ഷോഭിച്ച് പറഞ്ഞാലും ഗോപാലേട്ടൻ വായിലെ എരിഞ്ഞ് കൊണ്ടിരിക്കുന്ന ബീഡിക്കുറ്റി നാവ് കൊണ്ട് ഒരു വശത്തേക്ക് നീക്കിക്കൊണ്ട് പൊട്ടിപ്പോയ നൂല് സൂചിക്കുഴിയിലൂടെ മറു പുറം ചാടിക്കും.
എന്നിട്ട് പറയും ,
ഇപ്പം തരാം ട്ടോ .

സമയം എട്ട് മണി.
ആകാശവാണി .

വാർത്തകൾ വായിക്കുന്നത് ഗോപൻ.

കാപ്പാട് മാസപ്പിറവി ദൃശ്യമായതായി കോഴിക്കോട് ഖാസി ....
പകുതിയേ കേട്ടുള്ളൂ, ഞാൻ ഹോട്ടലിൽ നിന്നും ഇറങ്ങി.

മാസം കണ്ടെടാ.

എവിടെ ?

കാപ്പാട്.

നാലാള് കണ്ടോ ?

അതറിഞ്ഞൂട .

എത്ര വലിപ്പത്തിലാ കണ്ടത്?

ഒരു മുറത്തിന്റെ വലിപ്പത്തില്. എന്താ പോരെ ?

പോടാ ...

പള്ളിമിനാരം ഉണർന്നു. തക്ബീർ മുഴങ്ങി.

ഇബ്രായിയുടെ തുണിക്കടയിൽ തിരക്ക്.
തൊപ്പി വേണം.
അത്തർ വേണം.
ബനിയൻ വേണം.

ഞാൻ വീട്ടിലേക്കോടി.

റാബീ... മാസം കണ്ടു.

അവൾ പെണ്ണിൽ ഏറ്റവും ഇളയതാണ്. വലിയ വാശിക്കാരി. പെരുന്നാളായ സന്തോഷത്തിൽ അവൾ തുള്ളിച്ചാടി. പെട്ടെന്ന് അവളുടെ മുഖം കൂമ്പി.

എന്തേയ് ?

ന്റെ പാദസരം !

വാങ്ങാടീ .
കട വെളുക്കും വരെ തുറന്നിടും .

ഉമ്മ ഉമ്മറത്തേക്ക് വന്നു.

ഉമ്മാ മാസം കണ്ടു.

ഉമ്മ അകത്ത് കയറിപ്പോയി.

ചിമ്മിനി വിളക്കിന്റെ തിരി ആളിക്കത്തി.

ഉപ്പ കൊണ്ടുവന്ന റാന്തൽ കണ്ണ് തുറന്നു .

നബീസയും സബിയയും ജമീലയും
എന്നെത്തന്നെ നോക്കുന്നു .

അവർക്ക് കരച്ചിൽ വരുന്നുണ്ടോ ?

എന്താ എല്ലാരേയും മൊത്തി മച്ചിങ്ങ മാതിരി ?

ഞങ്ങളെ പാവാടയും ബ്ലൗസും ..?

അതിനാണോ ഈ വാട്ടം ?

പോയി വാങ്ങിയിട്ട് വരാം.

ഇക്കാക്കയും ഹംസയും വന്നു.

ഇറച്ചി വാങ്ങേണ്ടേ?

നേരം വെളുക്കാൻ ഇനിയുമില്ലേ സമയം?
വാങ്ങാം.

അനിയാ സമയം ആരെയും കാത്ത് നിൽക്കൂല്ല. പറഞ്ഞ് നിൽക്കുമ്പോഴേക്ക് നേരം വെളുക്കും. എല്ലാർക്കും പറ്റുന്നത് സമയത്തിന്റെ പോക്ക് നല്ല നിശ്ചയം ഇല്ലാത്തത് കൊണ്ടാണ്. ഇന്ന് യുവാവ്. ഉച്ച കഴിയുമ്പോഴേക്കും താടിമീശ നരച്ചിരിക്കും. എന്റെ വർത്തമാനം കേട്ട് ലത്തീഫ് ചിരിച്ചു. അവന്റെ താടിയിൽ അവൻ വെറുതേ പരതി. നര കയറിയോ ?

ശംസുവിന്റെ മുഖത്ത് ഒരു നേരിയ വെട്ടം. കൊല്ലത്തിൽ രണ്ട് പ്രാവശ്യമേ ബിരിയാണിക്ക് ചാൻസ്ഉള്ളൂ. അതിൽ ഒന്ന് ഇതാ വന്നണഞ്ഞു .

അളിയങ്ക കൊണ്ട് വന്ന പടക്കക്കെട്ട് തുറന്നു. പൂത്തിരി കമ്പിത്തിരി ഇളനീർപ്പൂ , തേരട്ട ഓലപ്പടക്കം. ഹംസ ഇളനീർപ്പൂ മുറ്റത്ത് വെച്ചു.

ഉമ്മാക്ക് പേടിയായി .



റാബീ കോലായിയിൽ കയറി നിൽക്ക്.

ഇത് പൊട്ടുന്നതല്ല ഉമ്മാ ..

ഇളനീർപ്പൂ കത്തി മേലോട്ട് കുതിച്ച് നക്ഷത്രപ്പൂക്കളായി മുറ്റത്ത് ഉതിർന്ന് വീഴുന്നു.

റാബി കമ്പിത്തിരി കത്തിച്ചു. തീപ്പൂക്കളിൽ റാബിയുടെ ചിരി വീണ് അവളുടെ മുഖം തുടുത്തു.

ലത്തീഫ് ഓലപ്പടക്കത്തിന്റെ തിരിയിൽ തീപ്പെട്ടി ഉരച്ചതും ശബ്ദം കേട്ട് ആലയിൽ കെട്ടിയിരുന്ന പോത്ത് കയറും പൊട്ടിച്ച് എങ്ങോ ഓടിയതും ഒപ്പം കഴിഞ്ഞു. എല്ലാവരും പറമ്പിലേക്ക് ഓടി.ടോർച്ചുമായി ഉമ്മയും വന്നു.

ഉമ്മാന്റെ വിളികേട്ടത് കൊണ്ടായിരിക്കണം പോത്ത് എവിടെ നിന്നോ കരയുന്നു. എവിടെ നിന്നാണ് ?

ഉമ്മാന്റെ ടോർച്ച് വെളിച്ചത്തിൽ രണ്ട് കണ്ണുകൾ തിളങ്ങി. പാവം അങ്ങ് ദൂരെ പിലുമ്പിക്കാട്ടിൽ ചെമ്പരത്തിക്കിടയിൽ പേടിച്ച് നിൽക്കുന്നു.

ഉമ്മ വിളിച്ചു...വാ ....

അപ്പോൾ ആ പാവം ഒരു രക്ഷകന്റെ സാമീപ്യത്തിലെന്ന പോലെ പേടി തീർന്ന് ചെവിയാട്ടി. എന്നും കഞ്ഞി വെള്ളത്തിൽ കടലപ്പിണ്ണാക്കിട്ട് വിശപ്പകറ്റിക്കൊടുക്കുന്ന ആളോട് നന്ദിയിൽ വിധേയത്വത്തിന്റെ ഭാഷയിൽ പോത്ത് കണ്ണിൽ വെള്ളം നിറച്ച് മിണ്ടാതിരിക്കുന്നു.

മനുഷ്യരാണ് അന്നം തരുന്ന കൈകളെ മറന്ന് കളയുക.

ആ സാധു അനുസരണയോടെ വന്ന് ആലയിൽ നിന്നു.

ആരും ഉറങ്ങിയില്ല. പെരുന്നാൾ നിസ്കാരം എട്ടരക്കാണ്.

കുളിച്ച് കോടിയിട്ട് റാബി കാൽവള കിലുക്കി മുറ്റത്തിറങ്ങിയ നേരം പാവാടയുടെ വള്ളി കെട്ടിയിട്ടില്ല. ഊർന്നിറങ്ങിയത് കണ്ട് നഫീസ കളിയാക്കി . അപ്പോൾ അവൾ കൈയിലെ മിനി ബാഗ് നിലത്തേക്കിട്ട്
ഭൂമിക്ക് ഒരു ചവിട്ട് കൊടുത്തു .

എന്തേയ് ?

കുന്തം.

ഞാൻ അവൾക്ക് വാങ്ങിയ നാരങ്ങ മിട്ടായി കൈയിൽ വെച്ച് കൊടുത്തപ്പോൾ പ്രഭാത കിരണങ്ങളിൽ അവളുടെ ചെറുചിരി അലിഞ്ഞ് ആകാശം വെളുത്തു.

നിസ്കാരം കഴിഞ്ഞു.

വിശ്വാസികൾ പരസ്പരം കെട്ടിപ്പുണർന്നും കൈകൊടുത്തും സൗഹൃദം ബലപ്പെടുത്തി, റോഡിലേക്ക് ഇറങ്ങിയപ്പോൾ മുമ്പിൽ നാരായണൻ.

നാരാണേട്ടാ ഈദ് മുബാറക്ക്...

നാരാണേട്ടൻ ചിരിച്ച് കൊണ്ട് പ്രത്യഭിവാദ്യം ചെയ്തു. ഈദ് മുബാറക്ക്... രണ്ടാളും ആലിംഗനത്തിലമർന്നു.
പിന്നെ സുധാകരൻ, കണ്ണേട്ടൻ .... എല്ലാവർക്കും കൈ കൊടുത്ത് വേഗം വീടണഞ്ഞു .

ഉമ്മാന്റെ പിടിപ്പായസം റെഡി. ഉമ്മാക്ക് ഒരുമ്മ കൊടുത്തു. ഉമ്മാന്റെ കാലിനടിയിലെ സ്വർഗ്ഗത്തിന്റെ പരിമളം ഇളം കാറ്റിൽ വിശറിയായി എന്നെ തഴുകി കടന്ന് പോയി. ഉമ്മാക്ക് ഇഷ്ടം ജന്നത്തുൽ ഫിർദൗസാണ്.
ഉപ്പ മറക്കാതെ എല്ലാ പെരുന്നാൾക്കും വാങ്ങിയിരിക്കും .

ഉപ്പ വന്നു.

ഉപ്പാ...

ഉപ്പാക്ക് കോടിയില്ലേ ?
ഉപ്പ തലയിൽ കെട്ടിയ ഷാൾ കാണിച്ച് കൊണ്ട് പറഞ്ഞു... ദാ ...കോടി.

നോക്കിയപ്പോൾ ഉപ്പാക്ക് പുത്തനായിട്ട് അതേ ഉള്ളൂ.

ഉപ്പ എന്ന സ്വർഗ്ഗവാതിലിലൂടെ ഞാൻ അകത്ത് കയറി ഉപ്പാനെ മുത്തി മണത്തു. ഉപ്പ കണ്ണ് തുടച്ചു. കണ്ണ് നനഞ്ഞത് ഉപ്പാക്ക് പുത്തനുടുപ്പ് ഇടാൻ കഴിയാത്ത ചിന്ത കൊണ്ടല്ല. എനിക്കൊരു വാച്ച് വാങ്ങിത്തരാൻ ഒക്കാത്തത് കൊണ്ടാണ്.

അടുത്ത പെരുന്നാളിന് വാങ്ങിത്തരാം ട്ടോ...

എനിക്കറിയാം ഒമ്പത് മക്കളെ പോറ്റാനുള്ള ഉപ്പാന്റെ ഓട്ടം. ഞാൻ അത്തറിന്റെ ഡെബ്ബി തുറന്ന് പഞ്ഞിയിൽ അല്പം ഒപ്പിയെടുത്ത് ഉപ്പാന്റെ പഴയ കുപ്പായത്തിൽ പുരട്ടിക്കൊടുക്കുമ്പോൾ നിറഞ്ഞത് എന്റെ കണ്ണാണ്.
ഉപ്പ അപ്പോഴും ഇതൊക്കെ എല്ലാ ഉപ്പമാർക്കും പറഞ്ഞിട്ടുള്ള സംഗതിയാണെന്ന മട്ടിൽ ഉമ്മ കൊടുത്ത പായസമധുരം നുണയുകയായിരുന്നു .



ഉമ്മ എന്നെ വിളിച്ചു.

എന്താ ഉമ്മാ.

ഉമ്മാന്റെ കൈയിൽ രണ്ട് കെട്ട് പൊതിയുണ്ട്. എന്നോട് പറഞ്ഞു.

ഒന്ന് കല്യാണിക്ക്. മറ്റേത് ദിനേശന്. ഓര് എല്ലാ ഓണത്തിനും വിഷുവിനും ഞമ്മക്ക് തരുന്നതാ....

ഞാൻ വേഗം ഉമ്മ ഏല്പിച്ച ബിരിയാണി പൊതിയുമായി മുറ്റം കടന്ന് അയലത്തെ വീട്ടിലെത്തി.

ദിനേശാ അമ്മ ഇല്ലേ ഇവിടെ ?

അമ്മേ ...

അന്നേരം നിഷ്കളങ്കമായ ഒരു കാലത്തിന്റെ ഇമ്പമാർന്ന ഒരു മാപ്പിളപ്പാട്ട് എന്റെ ചെവിയിൽ ഒഴുകിയെത്തി ....

ബിരിയാണി വെക്കലല്ല പെരുന്നാള്.... ആകാശവാണി പെരുന്നാൾ സ്പെഷ്യൽ പരിപാടിയാണ് ഞാനിപ്പോൾ കേട്ടത്. അതെ. വെറും ബിരിയാണി വെക്കലല്ല പെരുന്നാള്. മനുഷ്യ ഹൃദയങ്ങളുടെ വികാസപ്പെരുമ കൂടിയാവണം പെരുന്നാള്.

വേഗം ഞാൻ അടുത്ത വീട്ടിലേക്ക് നടന്നു.



# കാരയ്ക്ക മധുരമുള്ള നോമ്പോർമ്മകൾ

**താര കണ്ണോത്ത്**

റമദാന് ഒരു സൗന്ദര്യമുണ്ട്.... പകൽവെട്ടം മാഞ്ഞ്, സൂര്യൻ അസ്തമിച്ച് ഇരുൾ പരക്കുന്നതിനു മുൻപ് വെളിച്ചവുമായി ഒരു കുഞ്ഞ് അമ്പിളിക്കീറിന്റെ വരവോടെ പിറക്കുന്ന മാസം.... വിശ്വാസികളുടെ മനസ്സിൽ ആയിരം നിലാവ് പൂത്തുലയുന്ന സന്തോഷം. ഖുർആൻ എന്ന ദിവ്യ ഗ്രന്ഥം ലോക ജനതക്ക് അവതീർണമായതിന്റെ ഓർമനാളുകൾ.... ഉത്സാഹത്തോടെ കുഞ്ഞു കുട്ടികൾ മുതൽ വയോധികർ വരെ തങ്ങളുടെ മനസ്സിനേയും ശരീരത്തേയും പാകപ്പെടുത്തുന്ന വിശുദ്ധ ദിനരാത്രങ്ങൾ.. ഏറെ സന്തോഷത്തോടേയും ആകാംക്ഷയോടേയും ആണ് കണ്ണൂരിലെ ആനക്കിൽ കുഞ്ഞു ജോറയും റമദാനിനെ വരവേറ്റത്...ഒരു കഥ പറയുന്നതുപോലെ ആനക്കിൽ നിന്ന് കാലങ്ങൾക്കും കാതങ്ങൾക്കുമിപ്പുറം കോഴിക്കോട് നഗരത്തിലെ വീട്ടിലിരുന്ന് സാമൂഹ്യപ്രവർത്തകയും എഴുത്തുകാരിയുമായ വി.പി സുഹറ നോമ്പു കാലങ്ങൾ ഓർത്തെടുത്തു. ആനക്കിൽ ഉമ്മയുടെയും ഉമ്മാമയുടേയും ജോറയായിരുന്ന കാലത്തെ നോമ്പോർമ്മകൾ ആണ് ഏറ്റവും ആദ്യം.. ബറാത്ത് നാളിൽ സുന്നത്ത് നോമ്പ് പിടിക്കും.. ഉമ്മാമ പറയും ബറാത്ത് നാൾ അല്ലാഹുവിന്റെ കണക്കെടുപ്പ് ദിനം ആണെന്ന്. വാർഷിക കണക്കെടുപ്പ്. അന്ന് ചക്കരച്ചോറ് വെക്കും. ഗോതമ്പ് നനച്ച് കുത്തിവെളുപ്പിച്ച് തേങ്ങാപ്പാലും ചക്കരയും ചേർത്തുണ്ടാക്കുന്ന ചക്കരച്ചോറ്.. ദ്വീപ് ചക്കരയാണ് അതിനുപയോഗിക്കാറ്. കടലപ്പരിപ്പും ഏലക്കായയും ചേർക്കും. വലിയ ചെമ്പിൽ ചക്കരചോറ് വെക്കുമ്പോൾ കുഞ്ഞു കുട്ടികളടക്കം വീട്ടിലുള്ള എല്ലാവരെക്കൊണ്ടും ആ പാത്രത്തിൽ ഗോതമ്പു മണികൾ ഇടീക്കും. അടുത്ത കൊല്ലം വരെ വീട്ടിലുള്ള എല്ലാവരുടെയും ആയുസ്സ് കുറയാതിരിക്കാൻ. ചക്കരചോറ് പഴകിയാൽ നല്ല സ്വാദാണ്. അതിനായി ബറാത്ത് കാലത്ത് കടകളിൽ മൺചട്ടികൾ നിറയും. പുത്തൻ ചട്ടികളിൽ ചക്കരച്ചോറ് നിറച്ചുവെക്കും-അടുത്ത ദിവസങ്ങളിലേയ്ക്ക്. പിന്നെ യാസീൻ ഓതലും ദിഖ്റും ദുആയും ഒക്കെയുണ്ടാവും. ബറാത്ത് പാടി കുട്ടികൾ വരും.

'ബറാത്തോ ബർക്കത്തോ തങ്ങളപള്ളിക്ക് സുന്നത്തോ'. ഇപ്പോഴുമുണ്ട് സുഹറയുടെ ഉള്ളിൽ കുഞ്ഞു ജോറയുടെ കാരയ്ക്ക മധുരമുള്ള നോമ്പിന്റെ ആരവങ്ങൾ.. ബറാത്ത് കഴിഞ്ഞ് അധികം വൈകാതെ നോമ്പ് വരും. കണ്ണൂർ ജില്ലയിലെ ഗ്രാമാന്തരീക്ഷം നിറഞ്ഞ നഗരപ്രദേശമായ ആനക്കിൽ ഒരാഴ്ച മുൻപേ തുടങ്ങും നോമ്പിന്റെ ഒരുക്കങ്ങൾ. മുളക്, മല്ലി തുടങ്ങിയവ വെയിലത്ത് ഉണക്കാനിട്ട വീട്ടുമുറ്റങ്ങൾ. പലതരം അച്ചാറുകൾ ഉണ്ടാക്കുന്ന മണം..ദ്വീപുകാരുടെ മാസ് എന്ന ഒരു വിഭവം ഉണ്ട്.. മത്സ്യം ഉണക്കി ഉണ്ടാക്കുന്ന മാസ് ചമ്മന്തിയിലും പത്തിരിക്കുമൊക്കെ പ്രത്യേക സ്വാദ് തരും. അരി, ഗോതമ്പ് ഒക്കെ പൊടിക്കാനുള്ള തിരക്കുകൾ.. ടൈൽസും മൊസൈക്കും വ്യാപകമാകാത്ത കാലത്ത് സിമെന്റ് തറകൾ മാത്രമുള്ള വീടുകൾ കഴുകി വൃത്തിയാക്കുന്ന ബഹളം.. അങ്ങനെ ആകപ്പാടെ ഒരു കല്യാണവീടിന്റെ ഒരുക്കങ്ങളാകും അന്നത്തെ കൂട്ടുകുടുംബങ്ങളിൽ നോമ്പിന് കാണാൻ കഴിയുക... ഇന്നിപ്പോ കൂട്ടുകുടുംബങ്ങൾ ഇല്ലാതായി.. പൊടികളൊക്കെയും ഓൺലൈനിൽ കിട്ടാൻ തുടങ്ങി. വീട്ടകങ്ങളിൽ ടൈൽസ് ആയി..നോമ്പ് തുടങ്ങുന്നതിനു മുമ്പ് മാസം കാണൽ എന്ന പരിപാടിയുണ്ട്. ആനക്കിലെ റെയിൽപ്പാളത്തിന് അപ്പുറവും ഇപ്പുറവുമുള്ള കുന്നിൻ മുകളിലേയ്ക്ക് കുട്ടികളും ആണുങ്ങളുമൊക്കെ ചേർന്നൊരു പോക്കുണ്ട്.. റമദാന്റെ വരവറിയിച്ച് മാനത്ത് ചന്ദ്രക്കല കീറിവരുന്നതും കാത്തൊരു നിൽപ്പാണ്. നേരിയ ഒരു വര പോലെ കാണുന്ന അമ്പിളിക്കല ഒരിയ്ക്കലും കണ്ടതായി ഓർക്കുന്നില്ലെങ്കിലും പാതിരായ്ക്കൊക്കെ മാസം കണ്ടതായി പ്രഖ്യാപനം വരും.. മഗ്രിബ് സമയത്ത് മാസം കണ്ടാൽ 'മാസം കണ്ടോയി' എന്ന് പറഞ്ഞു കുട്ടികൾ ഓടിവരും. പള്ളികളിൽ തക്ബീർ ധ്വനികൾ. ആണുങ്ങൾ തറാവീഹ് നമസ്കാരത്തിന് തയ്യാറെടുക്കും. മാസപ്പിറവി കണ്ടാൽ അപ്പോൾ തന്നെ നിയ്യത്ത് വെക്കും. ഉമ്മാമ വീട്ടിലുള്ള കുട്ടികളെയൊക്കെ വിളിച്ചിരുത്തി നിയ്യത്ത് ചൊല്ലിത്തരും.

അത്താഴപ്പാട്ട് പാടാൻ മറ്റു സംസ്ഥാനങ്ങളിൽ നിന്നൊക്കെ ആളുകൾ നേരത്തെ എത്തിയിട്ടുണ്ടാകും. മാഹേ റംസാൻ, മാഹേ റംസാൻ, മാഹേ റംസാൻ... ഉടോ സേ മുസൽമാൻ. ഈണത്തിൽ ദഫ് മുട്ടിയുള്ള ഈ പാട്ടു കേട്ട് എല്ലാവരും ഉണരും. പുലർച്ചെ അത്താഴം കഴിഞ്ഞ് രാവിലെയായാൽ ഖുർആൻ പാരായണവും ഒക്കെയാവും..സുബ്ഹി നിസ്കാരത്തിനു ശേഷം എല്ലാവരും ഉറങ്ങും.. നോമ്പു കാലത്ത് പകൽ രാത്രി പോലെയും രാത്രി പകൽ പോലെയുമാണ്. സ്കൂൾ ഇല്ലാത്തതിനാൽ കുട്ടികൾ എല്ലാവരും ഓടിക്കളിക്കും.. വൈകുന്നേരം ആകുമ്പോഴേക്കും പത്തു വയസുള്ള ജോറ തളർന്നു പോകും. ഉമ്മ ഒരു തട്ടം നനച്ച് സിമെന്റ് തറയിലിട്ട് അതിൽ കിടത്തും -നോമ്പ് പൂർത്തിയാക്കാൻ... നോമ്പ് കാലത്ത് ഉച്ച കഴിഞ്ഞ് കുട്ടികളെല്ലാം കുന്നിൻ ചെരിവിലെ കുഞ്ഞു മതിലിൽ ചെന്നിരിക്കും. പാവപ്പെട്ട വീട്ടിലെ കുട്ടികൾ ചെറിയ കൂടകളിൽ പരിപ്പുവടയും അടയും വിൽക്കാൻ കൊണ്ടുവരും. നോമ്പില്ലാത്ത കുട്ടികൾക്ക് ഉമ്മമാർ അത് വാങ്ങിച്ചു കൊടുക്കും. നോമ്പു തുറ വിഭവമായും ചിലപ്പോൾ വാങ്ങും. അന്നൊക്കെ പ്രധാന നോമ്പു തുറ വിഭവം കോഴിയടയാണ്. വൈകുന്നേരം ആകുമ്പോൾ എല്ലാവരും ഒരുമിച്ചിരുന്ന് കോഴിയട പരത്തി ഡിസൈൻ ഉണ്ടാക്കുന്ന തിരക്കിലാവും.

ബാങ്ക് കൊടുക്കുന്ന നേരമായാൽ ഒരു വലിയ കതിനാ വെടി പൊട്ടിക്കും. അന്ന് ദൂരെ ദൂരെയാണ് പള്ളികൾ. ബാങ്ക് വിളി ദൂരെ വീടുകളിൽ ഉള്ളവർ കേട്ടുകൊള്ളണമെന്നില്ല. അവർക്ക് നോമ്പു തുറ സമയം അറിയാനാണ് കതിന പൊട്ടിക്കുന്നത്.. ആ കാഴ്ച കാണാൻ വേണ്ടി കുട്ടികൾ എല്ലാവരും അടുത്തുകൂടി നിൽക്കും.. കതിനാ വെടി പൊട്ടിക്കഴിഞ്ഞാൽ കുട്ടികളെല്ലാം ബാങ്കോട്ത്ത് പോയി എന്നു പറഞ്ഞ് വീടുകളിലേയ്ക്കോടും. വിഭവസമൃദ്ധമായ പലഹാരങ്ങൾ കഴിക്കാൻ. പലതരം വെള്ളങ്ങൾ. നാരങ്ങ വെള്ളം, തരിക്കഞ്ഞി, നന്നാറി സർബത്ത്, ചായ, കാരയ്ക്ക നിർബന്ധമാണ്. പ്രവാചകൻ നോമ്പു തുറന്നത് കാരയ്ക്ക കൊണ്ടാണെന്നാണ് വിശ്വാസം. ഇപ്പോൾ അടുത്തടുത്ത് പള്ളികൾ വന്നു.. കതിനാ വെടിയും നിന്നുപോയി.കല്യാണം കഴിച്ചയച്ച പെൺകുട്ടികളുടെ വീട്ടിലേയ്ക്ക് കൊടുത്തയയ്ക്കുന്ന നോമ്പു തുറയാണ് അന്യം നിന്നു പോയ മറ്റൊരു കാഴ്ച.. വലിയ തളികയിൽ എല്ലാ വിഭവങ്ങളും ഒതുക്കി വെച്ച് തുണി കൊണ്ട് കെട്ടി തലയിൽവെച്ചു വീട്ടിൽ കൊണ്ടു കൊടുക്കും. ഇന്ന് വീടുകളിൽ ക്ഷണിച്ചു നോമ്പു തുറ ആഘോഷിക്കും.



വി.പി സുഹറ

കോഴിക്കോട് കല്യാണം കഴിച്ചു കൊണ്ടു വന്നപ്പോൾ അവിടെ നനച്ചു കുളി എന്നത് ഒരു പുതുമയായി തോന്നി.. വീട് മൊത്തമായി കഴുകി, പായ മുതൽ പാത്രങ്ങളും കുപ്പികളും തുടങ്ങി എല്ലാ സാധനങ്ങളും പുറത്തെത്തിച്ചു കഴുകിയിടും. ചിലയിടങ്ങളിൽ വലിയ വീടുകളിലൊക്കെ ആളുകളെ വെക്കും. നല്ല ഒരു ശീലമായതിനാൽ പിന്നീട് അത് ജീവിതത്തിന്റെ ശീലമായി മാറി..കോഴിക്കോടും കണ്ണൂരുമായി ഭക്ഷണത്തിൽ വലിയ വ്യത്യാസം തോന്നിയിട്ടുണ്ട്. കോഴിക്കോട്ടെ ഉന്നക്കായ കണ്ണൂരിന്റെ കായട ആണ്. കണ്ണൂരിൽ കായട മുട്ട നെയ്യും അണ്ടിപ്പരിപ്പും പഞ്ചസാരയും ചേർത്ത് മൂപ്പിച്ച് പഴത്തിൽ അട പോലെ വെച്ചുണ്ടാക്കും.. ഉന്നക്കായയിൽ മുട്ടയ്ക്ക് പകരം തേങ്ങയാണ് ഉപയോഗിക്കുക. പത്തിരിയിലുമുണ്ട് പ്രാദേശിക വ്യത്യാസം. കോഴിക്കോട്ടെ നൈസ് പത്തിരി കണ്ണൂരിൽ അരി കുതിർത്ത് അരച്ച് വാഴയിലയിൽ പരത്തി അങ്ങോട്ടുമിങ്ങോട്ടും മറിച്ചിട്ട് ചുട്ടെടുക്കുന്ന ഓറോട്ടിയാണ്. അരിപ്പത്തിരിയും ഇറച്ചിക്കറിയും വറുത്തരച്ച മീൻ കറിയുമൊക്കെയായി വലിയ നോമ്പുതുറ.

കല്യാണം കഴിച്ചത് ബട്കലീസ് (കർണാടക )കുടുംബത്തിലാണ്. അവർക്ക് അത്താഴച്ചോറിന് പകരം ചപ്പാത്തിയോ, ബിരിയാണിയോ, നെയ്ച്ചോറോ ഒക്കെയാവും. സേമിയ കൊണ്ടുള്ള വിഭവങ്ങളും മസാല പുട്ട് തുടങ്ങിയ അവരുടെ വിഭവങ്ങളും മറ്റൊരു രുചിയിൽ. അത്താഴചോറ് വെക്കാൻ ജോലിക്ക് പ്രത്യേക സ്ത്രീകൾ ഉണ്ടാകും. നോമ്പിന്റെ ജോലിക്ക് വരുന്നവർക്ക് പുതിയതും പഴയതുമായ കുറേ വസ്ത്രങ്ങളും കൈ നിറയെ പണവും കുടുംബാംഗങ്ങളെല്ലാം സക്കാത്തിന്റെ പണവും ഫിത്ർ സക്കാത്തിന്റെ അരിയുമെല്ലാം നൽകും. അത്താഴചോറ് വെക്കാൻ വരുന്ന സ്ത്രീകൾ മക്കളുടെ മംഗലം കഴിച്ച കടങ്ങളും വീടു പണി പൂർത്തിയാക്കലുമൊക്കെ ചെയ്യുന്നത് നോമ്പ് കഴിഞ്ഞാണ്. പുരുഷന്മാർക്കും കച്ചവടക്കാർക്കുമൊക്കെ നല്ല കാലമാണ് നോമ്പ്. പെരുന്നാൾ തുടങ്ങിയ വിശേഷ ദിവസങ്ങളിൽ വള വിൽക്കാൻ പെണ്ണുങ്ങൾ വരും. വള ചെട്ടിച്ചി മാതയുടെ വിളി ഇപ്പോഴും കാതിൽ മുഴങ്ങുന്നു. റമദാൻ നിലാവിനോളം വിശുദ്ധമായ പുഞ്ചിരി തൂകി മനസ്സിൽ നിൽക്കുന്നത് ജീവിതത്തിന്റെ നിർണായക ഘട്ടത്തിൽ മക്കത്തു പോയ നോമ്പോർമയാണ്. ഒരു ഹജ്ജ് പെരുന്നാൾ രാത്രിയാണ് ജോലി തേടി സൗദിയിലെത്തുന്നത്.



പിറ്റേക്കൊല്ലം നോമ്പ് അവിടെയായിരുന്നു. വിവിധയിടങ്ങളിൽ നിന്ന് വന്നവരുടെ കാര്യങ്ങൾ നോക്കുന്ന ബാവ എന്നയാൾക്ക് നോമ്പെന്നാൽ ഭയങ്കര ആഘോഷമാണ്. അന്നത്തെ നോമ്പെന്നാൽ പട്ടിണിയുടേതല്ല, ഭക്തിയുടെയും ത്യാഗത്തിന്റെയും സഹനത്തിന്റേതുമാണ്. ഉംറയ്ക്ക് ആളുകൾ പോകുന്ന കൂട്ടത്തിൽ ബാവ അനുവദിച്ചാണ് ഉംറയ്ക്ക് പോയത്. അതൊരു നോമ്പ് പതിനാറായിരുന്നു. എല്ലാ നോമ്പ് പതിനേഴാം രാവിലും മക്കത്തെ ആ നോമ്പ് കാരയ്ക്ക മധുരവുമായി ഓടിയെത്തും. പതിനേഴാം രാവിന് ഒരു പ്രത്യേകതയുണ്ട്. ബദ്ർ യുദ്ധത്തിൽ ഷഹീദ് ആയവരെ സ്മരിക്കുന്ന ദിവസം. അന്ന് മക്കാ പള്ളിയിൽ ഖുർആൻ വായിച്ചുകൊണ്ട് പ്രാർത്ഥനയോടെ ഇരുന്നു.

ബാങ്ക് വിളിക്കാറായപ്പോൾ പള്ളിക്ക് നടുവിലുള്ള തളത്തിൽ പ്രത്യേകം പായ വിരിച്ച് ഭംഗിയാക്കിയ സ്ഥലത്ത് ചുറ്റും വെള്ളപ്പാത്രങ്ങളും കാരയ്ക്കയുടെ പാക്കറ്റുകളും നിറഞ്ഞു. സ്ത്രീ പുരുഷഭേദമെന്യേ എല്ലാവരും പ്രാർത്ഥനയോടെ ഇരുന്നു ബാങ്ക് വിളിയോടെ നോമ്പു തുറക്കാനുള്ള തുടക്കമായി. കാരയ്ക്കയുടെ പാക്കറ്റുകൾ ആളുകളുടെ ഇടയിലേയ്ക്ക് എറിഞ്ഞു കൊടുക്കുന്നുണ്ടായിരുന്നു. കഅബാ ത്വവാഫിനിടയിൽ പ്രവാചകൻ ഉപയോഗിച്ച മുറിയും പാത്രങ്ങളും കണ്ടു. മലയിൽ ഒറ്റപ്പെട്ടു പോയ ഇബ്രാഹിം നബിയുടെ ഭാര്യ ഹാജിറ ബീവി പ്രസവിച്ച മകനു ദാഹജലത്തിനു വേണ്ടി ഓടിയ ആ വലിയ മല ചുറ്റും ഓടി. നോമ്പ് പിടിച്ചുള്ള ആ ഓട്ടത്തിലും കഅബാ ത്വവാഫ് ചെയ്യുന്നതിനോ യാത്രയിലോ തെല്ലുപോലും തളർന്നില്ല. മക്കത്തെ പള്ളിയിലിരുന്ന് ഖുർആൻ വായിക്കുമ്പോൾ ഒരു മുത്തവ്വ വന്ന് ഖുർആന്റെ വലിയ ഒരു ഇംഗ്ലീഷ് തർജ്ജമ സൗജന്യമായി തന്നത് ഇപ്പോഴും കൂടെ സൂക്ഷിക്കുന്നു. സൗദിയിലെ ഹോസ്റ്റലിൽ പെരുന്നാൾ നമസ്കാരത്തിന് ഇമാം ബാവയായിരുന്നു. ആ വർഷം പെരുന്നാൾ നമസ്കാരം കഴിഞ്ഞ് മൂന്നാല് ദിവസം കഴിഞ്ഞപ്പോൾ ബാവ മരണപ്പെട്ടത് ഇന്നും ഒരു നോവായി അവശേഷിക്കുന്നു. നോമ്പെന്നത് വെറും ഭക്തിപൂർവമുള്ള പട്ടിണി കിടക്കൽ മാത്രമല്ല, ധർമത്തിന്റെയും ഐക്യത്തിന്റെയും സന്ദേശമാണ്. നമ്മുടെ കൈയിൽ എല്ലാ ചെലവുകളും കഴിച്ചുള്ള നൂറ് രൂപയിൽ നിന്ന് രണ്ട് രൂപ പാവപ്പെട്ടവന് ദാനമായി കൊടുക്കണം. സമൂഹത്തിൽ ദരിദ്രർ ഉണ്ടാകാൻ പാടില്ല. അതെല്ലാക്കാലത്തും അങ്ങനെ ആവണം എങ്കിലും നോമ്പു കാലത്ത് സക്കാത്തിലൂടെയും ഫിത്ർ സക്കാത്തിലൂടെയും ഒരുപാട് നാളുകൾ പട്ടിണി കൂടാതെ കഴിയുന്ന പാവങ്ങൾ ഉണ്ട്. ഇസ്ലാമിലെ ഏറ്റവും വലിയ നന്മയാണത്. ഭക്തി മാത്രമല്ലാതെ ദാനധർമവും ഐക്യവും നിറഞ്ഞു നിൽക്കുന്ന നോമ്പു കാലം. ജാതിമതഭേദമന്യേ സൗഹൃദത്തിന്റെയും സഹോദര്യത്തിന്റെയും കാലം. പ്രവാചകന്റെ കാലം തൊട്ടു തന്നെ നിലനിൽക്കുന്ന നന്മകൾ നമ്മളിലൂടെ ഊട്ടിയുറപ്പിക്കുന്നു. അമ്പിളിക്കീറിന്റെ വെളിച്ചവുമായി പിറക്കുന്ന മറ്റ് അറബിമാസങ്ങളിൽ നിന്ന് റമദാൻ നിലാവിനെ കൂടുതൽ സുന്ദരമാക്കുന്നതും മനുഷ്യമനസ്സുകളിൽ ഒന്നായി തെളിയുന്ന ഈ നന്മകളുടെ വെളിച്ചമാണ്...



രജനീഷ് എം.ആർ, ആൽഫി വി.പി

## പവിഴം റൈസ്-ഏഷ്യാനെറ്റ് സൂപ്പർസ്റ്റോർ വിജയികൾ

കൊച്ചി: പവിഴം റൈസ് -ഏഷ്യാനെറ്റ് സൂപ്പർസ്റ്റോർ 19.04.2023ലെ വിജയികളായി തെരഞ്ഞെടുക്കപ്പെട്ട രജനീഷ് എം.ആർ -കോട്ടയം. ആൽഫി വി.പി-മലപ്പുറം എന്നിവർ. ഏഷ്യാനെറ്റ് കൊച്ചി ഓഫിസിൽ വച്ചാണ് നറുക്കെടുപ്പ് നടന്നത്.

## കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാരുടെ പെരുന്നാൾ സന്ദേശം

ലോകമെങ്ങുമുള്ള വിശ്വാസികൾക്ക് സന്തോഷത്തിന്റെയും ആത്മീയ വിശുദ്ധിയുടെയും വേളയാണ് ചെറിയ പെരുന്നാൾ. വ്രതമനുഷ്ഠിച്ചും സത്കർമങ്ങൾ ചെയ്തും ലളിത ജീവിതം നയിച്ചുമാണ് വിശ്വാസികൾ പെരുന്നാൾ ആഘോഷിക്കുന്നത്. ചുറ്റുമുള്ളവർക്ക് ഉപകാരം ചെയ്തും ധാർമിക പരിധി ലംഘിക്കാതെയുമാവണം പെരുന്നാൾ ആഘോഷിക്കേണ്ടത്. കുടുംബങ്ങൾക്കും അയൽവാസികൾക്കും ഒപ്പം ഒത്തു ചേർന്ന് പരസ്പരം സന്തോഷങ്ങൾ പങ്കുവച്ച്, പ്രയാസമനുഭവിക്കുന്നവർക്ക് സന്തോഷത്തിന്റെ കൈനീട്ടങ്ങൾ കൈമാറി



പരസ്പര ഐക്യത്തിന്റേയും സന്ദേശം പകരാനുള്ളതാവണം നമ്മുടെ ഈദുൽ ഫിത്ർ. ആശംസകൾ കൈമാറുന്നതോടൊപ്പം നമ്മുടെ സഹജീവികളും നമ്മെപ്പോലെ സന്തോഷിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്താൻ നാം പ്രത്യേകം ശ്രദ്ധിക്കണം. വിശുദ്ധ റമസാനിൽ ശീലിച്ച ജീവിത ശുദ്ധിയും ലാളിത്യവും ദൈവിക സ്മരണയും ജീവിതത്തിലാകെ തുടർത്തുമെന്ന ഉറച്ച തീരുമാനമാവണം പെരുന്നാളിന്റെ സന്തോഷങ്ങളിൽ പ്രധാനം. മറ്റുള്ളവർക്ക് ഉപദ്രവമാവുന്ന പ്രവർത്തികൾ എന്നിൽ നിന്ന് ഉണ്ടാവില്ലെന്നും അരുതായ്മകൾക്കും തട്ടിപ്പുകൾക്കും നിയമലംഘനങ്ങൾക്കും കൂട്ടുനിൽക്കില്ലെന്നും നാം ഈ ദിവസം പ്രതിജ്ഞയെടുക്കുകയും ജീവിതത്തിൽ പാലിക്കുകയും വേണം. പുതു വസ്ത്രങ്ങൾ ധരിച്ച് വിശിഷ്ട വിഭവങ്ങൾ കഴിച്ച് ആരോഗ്യത്തോടെ കഴിയുന്ന വേളയിൽ ഈ അനുഗ്രഹങ്ങൾ സമ്മാനിച്ച നാഥന് നന്ദിയർപ്പിക്കാനും വിനയാന്വിതരാവാനും നാം ജാഗ്രത പുലർത്തണം. നോളേജ് സിറ്റിയിലെ ഇന്ത്യൻ ഗ്രാൻഡ് മസ്ജിദിൽ ആദ്യ പെരുന്നാൾ നിസ്കാരം നിർവഹിക്കപ്പെടുന്നു എന്ന സന്തോഷമാണ് ഈ പെരുന്നാളിൽ എടുത്തു പറയാനുള്ളത്. ലോകത്തുള്ള എല്ലാ വിശ്വാസി സമൂഹങ്ങൾക്കും വിദേശ രാജ്യങ്ങളിലെ പ്രവാസി മലയാളികൾക്കും ഇന്ത്യയിലെ മുഴുവൻ ജനങ്ങൾക്കും എന്റേയും മർകസിന്റെയും ഹൃദയം നിറഞ്ഞ ഈദുൽ ഫിത്ർ ആശംസകൾ നേരുന്നു.

## ബാംഗ്ലൂരിനും ഡൽഹിക്കും വിജയം

മൊഹാലി: പഞ്ചാബിനെ 24 റൺസിന് പരാജയപ്പെടുത്തി ബാംഗ്ലൂർ റോയൽ ചലഞ്ചേഴ്സ് മൂന്നാമത്തേതും കൊൽക്കത്തയെ നാല് വിക്കറ്റിന് പരാജയപ്പെടുത്തി ഡൽഹി സീസണിലെ ആദ്യത്തേതും വിജയം സ്വന്തമാക്കി. ടോസ് നഷ്ടപ്പെട്ട് ബാറ്റിങ്ങിനിറങ്ങിയ ബാംഗ്ലൂരിനെ കോലിയുടേയും ഡുപ്ലെസിയുടേയും ഇന്നിങ്സുകളാണ് ഭേദപ്പെട്ട സ്കോറിലേക്കത്തിച്ചത്.

ഒന്നാം വിക്കറ്റിൽ ഇരുവരും 137 റൺസ് കൂട്ടിച്ചേർത്തു. കോലി 47 പന്തിൽ 59ഉം ഡുപ്ലെസി 56 പന്തിൽ 84 റൺസും നേടി. നിശ്ചിത 20 ഓവറിൽ ബാംഗ്ലൂർ നാല് വിക്കറ്റ് നഷ്ടത്തിൽ 174 റൺസ് നേടി. ശിഖർ ധവാനില്ലാതെ മറുപടി ബാറ്റിങ്ങിനിറങ്ങിയ പഞ്ചാബിന് ഇത്തവണയും അടിതെറ്റി. 30 പന്തിൽ 46 റൺസെടുത്ത പ്രഭ്സിമ്രാൻ സിങ്ങിനും 27 പന്തിൽ 41 റൺസെടുത്ത ജിതേഷ് ശർമക്കും ഒഴികെ കാര്യമായി ആർക്കും പഞ്ചാബ് നിരയിൽ തിളങ്ങാനായില്ല. 18.2 ഓവറിൽ പഞ്ചാബ് ഓൾ ഔട്ടായി. ബാംഗ്ലൂരിന് വേണ്ടി മുഹമ്മദ് സിറാജ് നാല് വിക്കറ്റ് നേടി. മുഹമ്മദ് സിറാജാണ് കളിയിലെ താരം

ബൗളർമാർ കരുത്തുകാട്ടിയ രണ്ടാംമത്സരത്തിൽ ഈ സീസണിലെ ആദ്യവിജയം സ്വന്തമാക്കി ഡൽഹി ക്യാപിറ്റൽസ്. ടോസ് നേടി ബൗളിങ് തിരഞ്ഞെടുത്ത ഡൽഹി കൊൽക്കത്തയെ 127 റൺസിന് കൂടാരം കയറ്റി. 39 പന്തിൽ 43 റൺസ് നേടിയ ജേസൺ റോയിയാണ് കെ.കെ.ആർ നിരയിലെ ടോപ്സ്കോറർ. ഡൽഹിക്കായി ഇഷാന്ത് ശർമ, ആന്റിച്ച് നോർക്യ, അക്സർ പട്ടേൽ കുൽദീപ് യാദവ് എന്നിവർ രണ്ട് വിക്കറ്റ് വീതവും മുകേഷ് കുമാർ ഒരു വിക്കറ്റും നേടി. മറുപടി ബാറ്റിങ്ങിൽ ഡൽഹിക്കായി ക്യാപ്റ്റൻ ഡേവിഡ് വാർണർ 41 പന്തിൽ 57 റൺസ് നേടി മുന്നിൽ നിന്ന് നയിച്ചു. സാമാന്യം ചെറിയ സ്കോറാണെങ്കിൽ കൂടിയും 19.2 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിലാണ് ഡൽഹി ലക്ഷ്യം കണ്ടത്. ഇഷാന്ത് ശർമയാണ് കളിയിലെ താരം.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.